**വിവരാവകാശം/മറുപടി**

നം. C1-8082/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 17.07.2018.
Email - swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. വേണു എൻ.,
ശ്യാമള മന്ദിരം,
ചെറുശ്ശേരി ഭാഗം,
തട്ടാശ്ശേരി, ചവറ.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – ഡയറക്ടറേറ്റ് - വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 13.06.2018 തീയതിയിലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

സൂചനയിലെ വിവരാവകാശ അപേക്ഷ പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വാഹനം കരാർ വ്യവസ്ഥ പ്രകാരം ഡിപ്പോസിറ്റ് വയ്ക്കുന്നത് എന്തിനു വേണ്ടിയാണ്?

   കരാറിന്റെ വ്യവസ്ഥകൾക്ക് വിധേയമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുവേണ്ടിയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നത്. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച കാരണം കരാർ ലംഘനമുണ്ടാകുകയാണെങ്കിൽ പ്രസ്തുത തുക സർക്കാരിലേയ്ക്ക് കണ്ടു കെട്ടാവുന്നതാണ്.

AN

2. വാഹന കരാർ വ്യവസ്ഥ പ്രകാരം ദിവസ വേതനത്തിൽ, മാസ വേതനത്തിൽ, മണിക്കൂർ അടിസ്ഥാനത്തിൽ, കിലോമീറ്റർ അടിസ്ഥാനത്തിൽ, വാഹനം ICDS ഓഫീസുകളിൽ എടുക്കാറുണ്ടോ?

സാമൂഹ്യനീതി വകുപ്പിനു കീഴിൽ വരുന്ന വാഹനമില്ലാത്ത കാര്യാലയങ്ങളിൽ ഒരു നിശ്ചിത തുക പ്രതിമാസ വാടക നിജപ്പെടുത്തിക്കൊണ്ടാണ് വാഹനം വാടകയ്ക്കെടുക്കുന്നത്. എന്നാൽ കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച കാരണം കരാർ പ്രകാരമുള്ള കി.മീറ്റർ തികയ്ക്കാൻ കഴിയാതെ വന്നാൽ പ്രസ്തുത മാസം കി.മീറ്ററിന് ആനുപാതികമായാണ് തുക മാറി നൽകുന്നത്.

3. ഒരു മാസം 1000 കി.മീറ്ററിന് നിശ്ചിത തുകയ്ക്ക് വാഹനം കരാർ ആയാൽ കിലോമീറ്റർ തുകയാണോ കരാറുകാരന് നൽകുന്നത്?

നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു മാസം നിശ്ചിത തുകയ്ക്ക് വാഹനം കരാർ ആയാൽ ടി തുക കരാറുകാരന് മാറി നൽകുന്നതാണ്. മതിയായ കാരണമില്ലാതെ തീരെ കുറവ് കിലോമീറ്റർ വരുന്ന മാസങ്ങളിൽ ആയത് ബന്ധപ്പെട്ട ഓഫീസറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. എന്നാൽ കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച കാരണമാണ് കിലോമീറ്ററിൽ വളരെയധികം കുറവ് വന്നതെങ്കിൽ പ്രസ്തുത മാസം കിലോമീറ്ററിന് ആനുപാതികമായി തുക മാത്രം കരാറുകാരന് മാറി നൽകുന്നതാണ്.

4. കരാർ വാഹന സേവനം തൃപ്തികരമല്ലെങ്കിൽ എത്ര ദിവസത്തിനു മുൻപ് നോട്ടീസ് കൊടുത്ത് കരാർ റദ്ദ് ചെയ്യും?

കരാറുകാരൻ കരാർ ലംഘനം നടത്തിയാൽ 15 ദിവസത്തെ നോട്ടീസ് നൽകി കരാർ റദ്ദ ചെയ്യുന്നതാണ്.

5. 2015-16 കാലയളവിൽ KL-23A-7352 നം. ടാക്സി കാറിന്റെ കരാർ റദ്ദ് ചെയ്തിട്ടുണ്ടോ?

2015-16 കാലയളവിൽ KL-23A-7352 നം. ടാക്സി കാറിന്റെ കരാർ റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവൊന്നും ടി കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല.

AN

6. 2015-16 കാലയളവിൽ ചവറ, ചെറുശ്ശേരി ഭാഗം ശ്യാമള മന്ദിരത്തിൽ, റ്റി. ശ്യമളയും, ICDS ചവറയുമായുള്ള വാഹന ഉടമ്പടി കരാർ പ്രകാരമുള്ള ആഗസ്റ്റ് 2015, സെപ്റ്റംബർ 2015, മാർച്ച് 2016 എന്നീ മാസങ്ങളിലെ വാഹന കരാർ തുക പൂർണ്ണമായും അനുവദിച്ച കിട്ടുമോ?

ചവറ ICDS പ്രോജക്റ്റിൽ 2015-16 കാലയളവിൽ വാഹനം കരാർ വ്യവസ്ഥയിൽ വാടകയ്ക്കെടുത്ത് ഉപയോഗിച്ച വകയിൽ ആഗസ്റ്റ് 2015, സെപ്റ്റംബർ 2015, മാർച്ച് 2016 എന്നീ മാസങ്ങളിൽ കരാർ പ്രകാരമുള്ള മുഴുവൻ തുകയും കരാറുകാരിയായ ശ്രീമതി. റ്റി. ശ്യാമളയ്ക്ക് ചവറ ശിശു വികസന പദ്ധതി ഓഫീസർ മാറി നൽകിയിരുന്നില്ല. ടി വിഷയത്തിൽ കൊല്ലം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിൻ പ്രകാരം പ്രസ്തുത മാസങ്ങളിൽ യഥാക്രമം 522 Km, 393Km, 522Km മാത്രമേ വാഹനം ഓടിയിരുന്നുള്ളൂവെന്നും, കരാർ വാഹനം കൃത്യമായി ലഭ്യമാകാത്തതിനാലാണ് ഇത്രയും കുറവു വന്നതെന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സർക്കാർ ധനം ദുരുപയോഗം ചെയ്യാതിരിക്കുന്നതിനാണ് ടി മാസങ്ങളിൽ കിലോമീറ്ററിന് ആനുപാതികമായി തുക മാറി നൽകിയത്.

മേൽ വിവരിച്ചതിൽ താങ്കൾക്ക് എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം ചുവടെപ്പറയുന്ന അപ്പലേറ്റ് അതോറിറ്റിയുമായി ബന്ധപ്പെടാവുന്നതാണ്. വിലാസം:-

**ശ്രീ. കെ.കെ. സുരേന്ദ്രകുമാർ,**
**അഡീഷണൽ ഡയറക്ടർ/ അപ്പലേറ്റ് അതോറിറ്റി,**
**സാമൂഹ്യനീതി വകുപ്പ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

SUBAIH (wk)

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**

AN